# സ്നേഹത്തിന്റെ വറ്റാത്ത ഉറവ

- റവ. ഡോ. കെ.എം. ജോർജ്



'പരുമല കൊച്ചു തിരുമേനി എന്നു ജനങ്ങൾ വാൽസല്യപൂർവം വിളിച്ചിരുന്ന പരുമല മാർ ഗ്രിഗോറിയോസ് മെത്രാപ്പോലീത്ത ജീവിച്ചിരുന്ന കാലത്തുതന്നെ 'വിശുദ്ധൻ എന്നു വിശേഷിപ്പിക്കപ്പെട്ടിരുന്നു. 1902ൽ കാലംചെയ്ത പരുമല തിരുമേനിയെ മലങ്കരസഭ വിശുദ്ധനായി നാമകരണം ചെയ്യുന്നത് 1947-ലാണ്. മലങ്കരയിൽ അപൂർവമാണ് ഇത്തരം ഔദ്യോഗിക നടപടി. പൗരസ്ത്യ ക്രിസ്തീയ പാരമ്പര്യത്തിൽ ജനങ്ങളുടെ അംഗീകാരവും സ്വീകരണവുമാണു പ്രധാനം. എങ്കിലും ഔദ്യോഗിക സ്ഥിരീകരണമില്ലാതെ വിശുദ്ധന്മാരുടെ പേരിൽ പള്ളികളും മറ്റും പണിയാറില്ല.
പരുമല തിരുമേനി ജീവിച്ചിരുന്ന പത്തൊൻപതാം നൂറ്റാണ്ട് ഇന്ത്യയിൽ നവോത്ഥാന യുഗമാണ്. പാശ്ചാത്യ പ്രബുദ്ധതയുടെ സ്വാധീനത്തിൽ പുതിയ ചിന്തകളും കാഴ്ചപ്പാടുകളും ഇവിടെ രൂപംകൊണ്ടു. മതം, വിദ്യാഭ്യാസം, ആചാരാനുഷ്ഠാനങ്ങൾ, സാമൂഹിക - രാഷ്ട്രീയ വ്യവസ്ഥകൾ എന്നിവയിലെല്ലാം വിപ്ലവകരമായ മാറ്റങ്ങളുടെ ശംഖൊലി കേട്ടുതുടങ്ങി. ഒരുവശത്ത് കുറേയൊക്കെ അന്ധമായ പാശ്ചാത്യാനുകരണങ്ങളും മറുവശത്ത് നിഷേധാത്മകമായ തീവ്ര പ്രതികരണങ്ങളും ഉണ്ടായെങ്കിലും അവയ്ക്കിടയിൽ ഭാരതീയ സംസ്കാരം അതിന്റെ തനിമയെക്കുറിച്ച് അവബോധം പ്രാപിക്കുകയായിരുന്നു.

യാ ഥാസ്ഥിതികമായ പശ്ചാത്തലമായിരുന്നു പരുമല തിരുമേനിയുടേതെങ്കിലും സഭയിലും സമൂഹത്തിലും അപരിത്യാജ്യമായ നവോത്ഥാനത്തെക്കുറിച്ച് ആ തപോധനൻ ആഴമായ ഉൾക്കാഴ്ച നേടി. അദ്ദേഹത്തിന്റെ ജനനത്തിന് ഏതാനും ദശകങ്ങൾക്കു മുൻപുതന്നെ പുതിയൊരു സാംസ്കാരിക നവോത്ഥാനത്തിന് ചൂട്ടുകാണിച്ചുകൊണ്ട് കോട്ടയത്ത് 1815 ൽ മലങ്കരസഭ ആരംഭിച്ച പഴയ സെമിനാരിയും അതിന്റെ ചുറ്റുവെളിച്ചവും പരുമല തിരുമേനിയുടെ പ്രബുദ്ധമായ മനസ്സിനെ സ്വാധീനിച്ചിട്ടുണ്ട്.

ഇംഗ്ലീഷ് മിഷനറിമാരുടെ പാശ്ചാത്യമായ നവീകരണ ശ്രമങ്ങളെ എതിർത്ത് പൗരസ്ത്യമായ മലങ്കര സഭയുടെ സ്വാതന്ത്ര്യവും തനിമയും കാത്തുസൂക്ഷിക്കാൻ ബദ്ധപ്രതിജ്ഞനായ പരുമല തിരുമേനി. മറുവശത്ത് ഇംഗ്ലീഷ് വിദ്യാഭ്യാസത്തെയും കേരളത്തിലെ അധഃസ്ഥിത വർഗങ്ങൾക്ക് അറിവിന്റെ വെളിച്ചം നൽകുന്ന സംരംഭങ്ങളെയും സർവാത്മനാ പ്രോൽസാഹിപ്പിച്ചു. താണ ജാതിക്കാരുടെ ഉയർച്ചയ്ക്കും മേൽജാതിക്കാരുടെ നീതിബോധത്തിന്റെ വികാസത്തിനും ആത്മീയമായ ഉൽക്കർഷത്തിനും വിദ്യാഭ്യാസമല്ലാതെ മറ്റൊരു മാർഗമില്ലെന്ന് അദ്ദേഹം കരുതി. ''എന്തെന്നാൽ ദൈവികത്തിലും ലൗകികത്തിലും പ്രകാശവും ജീവനുമായിട്ടുള്ളത് പഠിത്വമെന്നല്ലാതെ, അതിനു ശരിയായി വേറൊന്നുമില്ലെന്ന് എല്ലാവരും സമ്മതിക്കുന്നതാകുന്നു. അയിത്തവും ജാതീയമായ വിവേചനവും ക്രിസ്തീയ ദർശനത്തിനു വിരുദ്ധമായി കരുതിയ തിരുമേനിയുടെ മനുഷ്യസ്നേഹത്തെ പൂർണമായി ഉൾക്കൊള്ളാൻ ജാതിച്ചങ്ങലയിൽ തളയ്ക്കപ്പെട്ടിരുന്ന മലങ്കര സഭയ്ക്കു കഴിഞ്ഞില്ല. പാശ്ചാത്യമായ നവീകരണ ശ്രമങ്ങൾ ഭാരതീയ സംസ്കാരത്തിനും പൗരസ്ത്യ ക്രിസ്തീയതയ്ക്കും യോജിച്ചതല്ലെന്നു മനസ്സിലാക്കിയ തിരുമേനി, പൗരസ്ത്യ പാരമ്പര്യത്തിൽ വേരൂന്നിയ ഒരു നവോത്ഥാന പ്രക്രിയയാണ് ദർശിച്ചത്. ഊർശ്ലേം യാത്രാവിവരണത്തിലൂടെ മലയാളത്തിൽ സഞ്ചാര സാഹിത്യത്തിനു ധന്യമായ കൈയൊപ്പ് നൽകിയ പരുമല തിരുമേനി, മലയാളികളുടെ മനസ്സിനു പുതിയ ജാലകങ്ങൾ വെട്ടിത്തുറക്കുകയും പുതുമയാർന്ന പരിപ്രേഷ്യങ്ങൾ രൂപപ്പെടുത്തുകയും ചെയ്തു.

ക്രൈസ്തവർക്കിടയിലെ ഭിന്നതകൾ തിരുമേനിയെ അതീവ ദുഃഖിതനാക്കി. സഭയിൽ ഭിന്നതയ്ക്കു കാരണമാക്കുന്ന പ്രവർത്തനങ്ങളിൽനിന്ന് ഒഴിഞ്ഞുനിൽക്കാൻ അദ്ദേഹം നിരന്തരം ജനങ്ങളെ പ്രബോധിപ്പിച്ചു.മല ങ്കരസഭയിൽ കക്ഷി വഴക്കുകൾ ആരംഭിക്കുന്നതിനു വളരെ മുമ്പുതന്നെ ''എല്ലാ പള്ളികളിലും, തമ്മിൽ തമ്മിൽ സമാധാനമില്ലാത്ത ജന്തുക്കളെപ്പോലെ കടിപിടി കൂട്ടി, നശിച്ചു നശിച്ച്, അശേഷം മേൽഗതിയില്ലാതെ കഴിയുന്ന അവസ്ഥയെ തിരുമേനി രൂക്ഷമായി വിമർശിക്കുകയും അതിൽ ദുഃഖിക്കയും ചെയ്യുന്നു. ജനങ്ങളെയല്ല, അവരെ നയിക്കുന്നവരെയാണ് കുറ്റക്കാരായി തിരുമേനി കാണുന്നത്:

''ഇതിനുള്ള കാരണം ആലോചിക്കുമ്പോൾ, ഭരണദോഷമെന്നല്ലാതെ ദൈവത്തിന്റെ റൂഹായ്ക്കടുത്ത ആട്ടിൻകൂട്ടത്തെ എന്തിനു കുറ്റം പറയുന്നു? ദൈവിക നേതൃത്വത്തെ തിരുത്തുവാൻ, ഹെസക്കിയൽ പ്രവാചകന്റെ വാക്കുകൾ കടമെടുക്കുന്ന തിരുമേനിയുടെ പ്രവാചക ശബ്ദം മൂർച്ചയേറിയതാണ്: ''നിങ്ങൾ ബലഹീനതയുള്ളതിനെ ശക്തിപ്പെടുത്താതെയും ദീനം പിടിച്ചതിനെ സൗഖ്യമാക്കാതെയും ഒടിഞ്ഞതിനെ മുറിവുകെട്ടാതെയും ആട്ടിക്കളയപ്പെടുന്നതിനെ തിരിച്ചുവരുത്താതെയും കാണാതെ പോയതിനെ അന്വേഷിക്കാതെയും ബലാൽക്കാരത്തോടും ക്രൂരതയോടും അവയെ ഭരിക്കയും ചെയ്യുന്നു.പൗരസ്ത ്യ ക്രിസ്തീയതയുടെ തെളിച്ചമേറിയ ആധ്യാത്മിക സംസ്കാരത്തെ അതീവ നേർമയോടെ സ്വന്തം ജീവിതത്തിൽ പ്രകടമാക്കിയ പരുമല തിരുമേനി പ്രാർഥനയുടെ ശക്തിയെക്കുറിച്ച് നിരന്തരമായി പ്രബോധിപ്പിക്കുന്നു. അതിമനോഹരമായ നിർവചനമാണ് തിരുമേനി നൽകുന്നത്. **പ്രാർഥന എന്നത് ശൈശവത്തിലെ ഉൽസാഹവും യൗവനത്തിലെ ആശ്രയവും വാർധക്യത്തിലെ സമാധാനവുമാകുന്നു. ഹൃദയം നിറഞ്ഞ ഭക്തിയോടെ ചെയ്യുന്ന പ്രാർഥന ദൈവം കൈക്കൊള്ളുകയും ഒരു അനുഗ്രഹ രൂപമായി അതു നമുക്ക് തിരികെ ലഭിക്കയും ചെയ്യുന്നു.**

തന്റെ നാഥനായ ക്രിസ്തുവിനെപ്പോലെ, പരുമല തിരുമേനിയും അത്ഭുത സിദ്ധികളിലും അമാനുഷ നേട്ടങ്ങളിലുമല്ല തന്റെ ആധ്യാത്മികതയുടെ അന്തഃസത്തയെ കാണുന്നത്. സംശുദ്ധമായ മനുഷ്യസ്നേഹവും സകല സൃഷ്ടിയോടുമുള്ള ആർദ്രതയുമാണ് യഥാർഥമായ ആധ്യാത്മികതയുടെ കാതലെന്ന് തിരുമേനി വെളിപ്പെടുത്തുന്നു. ''സമസൃഷ്ടങ്ങളെ ആരു നല്ലവണ്ണം സ്നേഹിക്കുന്നുവോ അവനത്രെ ഉത്തമനായ ദൈവഭക്തൻ, എന്തെന്നാൽ ദൈവം സൃഷ്ടിക്കുന്നതെല്ലാം നമുക്ക് സ്നേഹിക്കാനാണ്.പരുമലയിലെ പുണ്യഭൂമിയിലേക്ക് ആത്മിക പ്രയാണം നടത്തുന്ന ലക്ഷോപലക്ഷം ജനങ്ങൾ സ്നേഹത്തിന്റെയും സഹാനുഭൂതിയുടെയും ആർദ്രമായ ഉറവിടമാണു തേടുന്നത്. പ്രാർഥനകൊണ്ടും മനുഷ്യസ്നേഹംകൊണ്ടും ക്രിസ്താനുരൂപിയായിത്തീർന്ന പരുമല മാർ ഗ്രിഗോറിയോസ് വറ്റാത്ത ആത്മിക സ്രോതസാണെന്നു ജനങ്ങൾക്കറിയാം.

Source: manoramaonline.com




www.pallibhagamyouth.com